പുതിയ ഐ. ടി. ഐ. കൾ

799. [990] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഐ.ടി.ഐ.കൾ പുതിയതായി അനുവദിച്ചിട്ടുണ്ട് ;

(ബി) എവിടെയെല്ലാം ?

ഉത്തരം

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 6 ഐ.ടി. ഐ.കൾ പുതിയതായി അനുവദിച്ചിട്ടുണ്ട്.

(ബി) അവ വയനാട്ടിലെ കല്പറ്റ, കൊല്ലം (വനിതാ ഐ.ടി.ഐ.), പത്തനംതിട്ടയിലെ ചെന്നീർക്കര, കാസർഗോഡ്, മാള, കൊയിലാണ്ടി എന്നീ സ്ഥലങ്ങളിലാണ്.

വിഴിഞ്ഞത്ത് ഗവൺമെൻറ് ഐ. ടി. ഐ.

800. [991] ശ്രീ. എൻ. ശക്തൻ നാടാർ ; താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിഴിഞ്ഞം കേന്ദ്രമായി ഒരു പുതിയ ഗവൺമെൻറ് ഐ. ടി. ഐ. അനുവദിക്കുമോ ?

ഉത്തരം

വിഴിഞ്ഞം കേന്ദ്രമായി പുതിയ ഗവൺമെൻറ് ഐ.ടി.ഐ. അനുവദിക്കാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ ഗവൺമെൻറിൻെറ പരിഗണനയിൽ ഇല്ല.

ഓട്ടു കമ്പനി തൊഴിലാളികളുടെ കുറഞ്ഞ കൂലി

801. [992] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓട്ടു കമ്പനി തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓട്ടു കമ്പനികളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിക്കുന്നതിനുവേണ്ട കരടു നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കുന്നതിലേക്കായി ഒരു കമ്മറിയെ നിയോഗിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരുന്നു.

കശുവണ്ടി തൊഴിലാളികൾക്ക് ക്ഷേമനിധി

802. [994] ശ്രീ. സി. കെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയത് എന്നു മുതൽ ആണ് ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഇതിനകം എത്രപേർക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് ?

ഉത്തരം

(എ) 1983-84 മുതൽ.

(ബി) 95,139 പേർക്ക്.

LIBRARY ARCHIVES Kerala Legislative Assembly